>> സി.എം റഫീഖ് കോക്കൂർ

# നന്മ പറയുന്നവന്റെ ഉള്ളിൽ നന്മയില്ലെങ്കിൽ

عَنْ أَبِي زَيْدٍ أُسَامَةَ بْنِ زَيْدِ بْنِ حَارِثَةَ رَضِيَ اللهُ عَنْهُمَا قَالَ سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ: يُؤْتَى بِالرَّجُلِ يَوْمَ الْقِيَامَةِ فَيُلْقَى فِي النَّارِ فَتَنْدَلِقُ أَقْتَابُ بَطْنِهِ فَيَدُورُ بِهَا كَمَا يَدُورُ كَمَا يَدُورُ الْحِمَارُ فِي الرَّحَا فَيَجْتَمِعُ إِلَيْهِ أَهْلُ النَّارِ فَيَقُولُونَ: يَا فُلَانُ مَا لَكَ أَلَمْ تَكُنْ تَأْمُرُ بِالْمَعْرُوفِ وَ تَنْهَى عَنِ الْمُنْكَرِ؟ فَيَقُولُ: بَلَى كُنْتُ آمُرُ بِالْمَعْرُفِ وَلاَ آتِيهِ وَأَنْهَى عَنِ الْمُنْكَرِ وَ آتِيهِ

**ഉമാസ(റ)യിൽനിന്ന് നിവേദനം. റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: "അന്ത്യദിനത്തിൽ ഒരാളെ കൊണ്ടുവന്ന് നരകത്തിലെറിയപ്പെടും. അനന്തരം അയാളുടെ കുടലുകൾ പുറത്ത് വരികയും കഴുതകൾ ആസ്സുകല്ല് ചുറ്റുന്നത് പോലെ ആ കുടൽ കൊണ്ടവൻ ചുറ്റിത്തിരിയുകയും ചെയ്യും. തദവസരത്തിൽ നരകവാസികൾ അടുത്തുകൂടി ചോദിക്കും: നിനക്കെന്ത് പറ്റി? നീ നല്ലത് കൽപിക്കുകയും ചീത്ത വിരോധിക്കുകയും ചെയ്തിരുന്നല്ലോ? അവൻ പറയും: അതെ. ഞാൻ നന്മ കൽപിച്ചിരുന്നു. പക്ഷേ, ഞാനത് പ്രവൃത്തിയിൽ കൊണ്ടുവന്നില്ല. തിന്മ നിരോധിച്ചു. പക്ഷേ, ഞാനത് പ്രവൃത്തിച്ചു" (ബുഖാരി, മുസ്‌ലിം).**

**നാം** വളരെയേറെ ഗൗരവത്തിൽ കണക്കിലെടുക്കേണ്ട ഒരു വസ്തുതയിലേക്കാണ് ഈ ഹദീസ് വിരൽ ചൂണ്ടുന്നത്. വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുധ്യം എന്ത് മാത്രം വലിയ ആപത്തിലേക്കാണ് മനുഷ്യനെ കൊണ്ടുചെന്നെത്തിക്കുക എന്നതിന്റെ നേർക്കാഴ്ചയാണ് പ്രവാചകൻ(സ) ഇവിടെ വരച്ചു കാണിക്കുന്നത്. ഉപദേശിക്കുന്ന കാര്യങ്ങൾ ഉപദേഷ്ടാവ് സ്വന്തം ജീവിതത്തിൽ പകർത്തുന്നില്ലെങ്കിൽ, അത് വഞ്ചനയാണെന്നും വമ്പിച്ച പരാജയത്തിന് കാരണമായിത്തീരുമെന്നും ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു.

വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തക്കേടിനെ വളരെ ഗൗരവത്തോടെയാണ് പരിശുദ്ധ ഖുർആനും കൈകാര്യം ചെയ്തത്. പലേടത്തായി വ്യത്യസ്ത ശൈലികളിൽ താക്കീതുകളായി നമുക്കത് കാണാൻ കഴിയും.

"സത്യവിശ്വാസികളേ, പ്രവൃത്തിക്കാത്തത് എന്തിന് പറയുന്നു? പ്രവർത്തിക്കാത്തത് പറയുന്നത് അല്ലാഹുവിന് ഏറ്റവും കോപമുള്ള കാര്യമാകുന്നു" (*അസ്വഫ്ഫ്* 2,3).

"സ്വന്തം ശരീരത്തെ മറന്നുകൊണ്ട് മനുഷ്യരോട് നിങ്ങൾ നന്മ ഉപദേശിക്കുകയും തിന്മ നിരോധിക്കുകയുമാണോ? നിങ്ങളാണെങ്കിൽ വേദഗ്രന്ഥം വായിച്ചു കൊണ്ടിരിക്കുന്നു. നിങ്ങൾ അത് ഗ്രഹിക്കുന്നില്ലേ?" (*അൽബഖറ* 44).

ഏതൊരു പടച്ച തമ്പുരാന് ജീവിതത്തെ സർവസ്വം സമർപ്പിക്കാനാണോ ആവശ്യപ്പെടുന്നത് അതിന്റെ ഒന്നാമത്തെ മാതൃക താനായിരിക്കുമെന്ന് പ്രഖ്യാപിക്കാനാണ് പ്രവാചകനോട് അല്ലാഹു ആവശ്യപ്പെടുന്നത്.

പ്രബോധന-സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ വളരെയേറെ ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളേണ്ട സംഗതിയാണിത്. താൻ എന്താണോ സമൂഹത്തോട് ചെയ്യണമെന്നാവശ്യപ്പെടുന്നത് അത് നിർബന്ധമായും തന്റെ ജീവിതത്തിൽ പകർത്തിക്കഴിഞ്ഞിട്ടുള്ളതാകണം. ഏതിൽ നിന്നെല്ലാമാണോ സമൂഹത്തെ തടഞ്ഞു നിർത്തുന്നത്, അത്തരം കാര്യങ്ങളുമായി യാതൊരു ബന്ധവും ഒരു കാരണവശാലും താൻ വെച്ചു പുലർത്താൻ പാടില്ല. അല്ലാത്ത പക്ഷം, ഹദീസിൽ വിശദീകരിക്കുന്നത് പോലെ അത്യന്തം ബീഭത്സമായ പാരത്രിക ശിക്ഷക്ക് കാരണമായിത്തീരുമെന്ന് മാത്രമല്ല, ഇഹലോകത്ത് ജനങ്ങൾക്കിടയിലും അയാൾ പരിഹാസ്യനായിത്തീരും. അത്തരക്കാരുടെ ഉപദേശങ്ങളെ ആരും മുഖവിലക്കെടുക്കില്ല, അവ അഗണ്യകോടിയിൽ തള്ളുകയും ചെയ്യും.

വർത്തമാന കാലത്തെ പ്രബോധന-സംസ്കരണ പ്രവർത്തനങ്ങളിൽ പലതും ഉദ്ദേശിച്ച ഫലം നൽകാത്തതിന്റെ കാരണവും മറ്റൊന്നല്ല. പറയുന്നവന്റെ ജീവിതത്തിൽ പ്രതിഫലിക്കാത്ത ഉപദേശങ്ങൾ കൊണ്ടാർക്കെന്ത് ഫലം ലഭിക്കാനാണ്! ആത്മവഞ്ചനയുടെ ഏറ്റവും മൂർത്തമായ രൂപമായിട്ടാണതിനെ നാം നോക്കിക്കാണേണ്ടത്.

ഇന്ന് മത-രാഷ്ട്രീയ വേദികളിൽ നടന്നുകൊണ്ടിരിക്കുന്ന പല പ്രഭാഷണങ്ങളും ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെ പുറത്തു വന്നു കൊണ്ടിരിക്കുന്നവയിൽ പലതും വസ്തുനിഷ്ഠമായി വിലയിരുത്തിയാൽ നമുക്കീ വസ്തുത ബോധ്യമാകും. പറയുന്ന കാര്യങ്ങളോട് അശേഷം സത്യസന്ധത വെച്ചുപുലർത്താത്ത, സ്വന്തം ജീവിതം തന്നെ പറയുന്ന കാര്യങ്ങൾക്ക് എതിർസാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന, ഇത്തരക്കാരുടെ ഗിരിപ്രഭാഷണങ്ങളും മറ്റും സമൂഹത്തിൽ എന്ത് മാറ്റമുണ്ടാക്കാനാണ്?!

നന്മ ഉപദേശിക്കുന്നവന്റെ ജീവിതത്തിൽ നന്മയില്ലെന്നും തിന്മകളേറെ ഉണ്ടെന്നും ഒരു പക്ഷേ, ഇഹലോക ജീവിതത്തിൽ മറ്റുള്ളവർക്ക് ബോധ്യപ്പെട്ടുകൊള്ളണമെന്നില്ല. പരലോകത്ത് ചെല്ലുമ്പോൾ (ഹദീസിന്റെ അവസാന ഭാഗത്ത് പറഞ്ഞ) നരകവാസികളുടെ ആശ്ചര്യത്തോടെ കൂടിയ അന്വേഷണം അതാണ് ചൂണ്ടിക്കാട്ടുന്നത്. പക്ഷേ, എല്ലാം അറിയുന്ന പടച്ച തമ്പുരാന്റെ ശിക്ഷയിൽ നിന്നവർക്ക് രക്ഷപ്പെടാനാവില്ല. ■